**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 39** — **23-07-2021 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. റ്റി.പി .രാമകൃഷ്ണൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. പി.പി. സുമോദ് | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കൊവിഡ് മഹാമാരി കാരണം നിർബന്ധമാക്കിയ അടച്ചുപൂട്ടൽ മറ്റു രംഗങ്ങളിലെന്നപോലെ ദേവസ്വം ബോർഡുകളുടെയും പ്രവർത്തനത്തിൽ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. |
| (ബി) | പ്രതിസന്ധിക്കിടയിലും ക്ഷേത്രജീവനക്കാർക്കു ശമ്പളം നൽകുന്നതിനും ദീർഘകാലത്തിനു ശേഷം മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും സാധ്യമായിട്ടുണ്ടോ; | (ബി) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ ഉയർന്ന വരുമാനമുണ്ടായിരുന്ന ചുരുക്കം ചില ക്ഷേത്രങ്ങളിൽ ഒഴികെ, സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുകയും, ദൈനംദിന ചെലവുകൾ നടത്തുന്നതിനും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് കഴിയാതെ വരുകയും ചെയ്തിട്ടുണ്ട്. ബോർഡിന് കീഴിലുള്ള ഭൂരിപക്ഷം ക്ഷേത്രങ്ങളും സാമ്പത്തിക പ്രതിസന്ധിയിൽ ആയതോടെ കൂടുതൽ ക്ഷേത്രങ്ങൾക്ക് മലബാർ ദേവസ്വം ബോർഡിൽ നിന്ന് സാമ്പത്തിക സഹായം നൽകേണ്ടി വന്നിട്ടുണ്ട്. കോവിഡ് മഹാമാരി സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന്, ബന്ധപ്പെട്ട അലോട്ട്മെന്റിന് പുറമെ, അധിക ധനസഹായമായി സർക്കാർ അനുവദിച്ച 20 കോടി രൂപയിൽ നിന്നും 19 കോടി രൂപയും മലബാർ ദേവസ്വം ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും 8,20,00,000/- (എട്ട് കോടി ഇരുപത് ലക്ഷം) രൂപയും ഉപയോഗപ്പെടുത്തുക വഴി, ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് യഥാസമയം ശമ്പളം നൽകുന്നതിന് സാധിച്ചിട്ടുണ്ട്. 12/02/2021 തീയതിയിലെ സ.ഉ(കയ്യെഴുത്ത്).നം.57/2021/റവ നമ്പർ ഉത്തരവ് പ്രകാരം മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. ശമ്പള പരിഷ്കരണത്തിന് ആധാരമാക്കേണ്ട ക്ഷാമബത്ത, ഫിക്സേഷൻ ചട്ടങ്ങൾ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെയുള്ള കാര്യങ്ങൾ കൂടുതൽ വ്യക്തത വേണമെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ ആവശ്യപ്പെട്ടത് പ്രകാരം ആയത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണുള്ളത്. |
| (സി) | മലബാർ ദേവസ്വം ബോർഡിനു കീഴിൽ വരുമാനം കുറവുള്ള ക്ഷേത്രങ്ങളിലെ ശമ്പള ബാധ്യത പൂർണ്ണമായും സർക്കാർ ഏറ്റെടുത്തിരുന്നോ; | (സി) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചു കൊണ്ടുള്ള 12/02/2021 തീയതിയിലെ സ.ഉ(കയ്യെഴുത്ത്).നം.57/2021/റവ നമ്പർ ഉത്തരവ് പ്രകാരം ബോർഡിന് കീഴിലുള്ള മൂന്ന് ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം പൂർണ്ണമായും മലബാർ ദേവസ്വം ബോർഡ് ഏറ്റെടുത്തിട്ടുണ്ട്. ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതോടെ, പ്രസ്തുത ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം പൂർണ്ണമായും മലബാർ ദേവസ്വം ബോർഡിൽ നിന്നും നൽകുവാൻ കഴിയുന്നതാണ്. |
| (ഡി) | ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിൽ അബ്രാഹ്മണ ശാന്തിക്കാരെ നിയമിക്കാനുള്ള തീരുമാനത്തിന്റെയടിസ്ഥാനത്തിൽ വിവിധ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിൽ നടത്തുന്ന നിയമനത്തിന്റെ പുരോഗതി അറിയിക്കാമോ? | (ഡി) | പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിൽ നിന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പാർട്ട്ടൈം ശാന്തി തസ്തികയിലേക്ക് 30 പേർക്കും കൊച്ചിൻ ദേവസ്വം ബോർഡിലെ ശാന്തി തസ്തികയിലേക്ക് 14 പേർക്കും ഈഴവ സമുദായമുൾപ്പെടെയുള്ള മറ്റ് പിന്നാക്ക സമുദായങ്ങളിൽ നിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പാർട്ട് ടൈം ശാന്തി തസ്തികയിലേക്ക് 152 പേർക്കും കൊച്ചിൻ ദേവസ്വം ബോർഡിലെ ശാന്തി തസ്തികയിലേക്ക് 98 പേർക്കും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമന ശിപാർശ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ